പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4342 22.07.2015-ന് മറുപടി നൽകേണ്ടത്

## വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനം

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ വകുപ്പുകളിലായി എത്ര പേരെയാണ് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് : | | **(എ) യും (ബി) യും (സി) യും (ഡി) യും**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 8 ട്രാഫിക് വാർഡൻ, 25 സാനിട്ടേഷൻ വർക്കേഴ്സ്, 6 ഗാർഡനേഴ്സ്, ഒരു ബൈൻഡർ, ഒരു ഡോബി എന്നിവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 64 ടൈപ്പിസ്റ്റുമാരെയും നിയമിച്ചിരുന്നു. താൽക്കാലിക നിയമനം നൽകിയ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.<br>ദിവസവേതനാടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ ജോലി ചെയ്തുവന്നിരുന്ന ഒരാളെ ഡ്രൈവർ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന രണ്ടുപേരെ ഡോബി തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.<br>മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിൽ സർക്കാർ മുഖേനയും ഡിപ്പാർട്ടുമെന്റുകൾ മുഖേനയും നിയമനം ലഭിച്ചവർ എത്ര : | | |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവർ എത്ര : | | |
| (ഡി) | താത്ക്കാലിക നിയമനം ലഭിച്ചവരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ